സി1/7640/റ്റിസി/2015

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 22-04-2015

പ്രേഷക

ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ്-ഔദ്യോഗിക കൃത്യ നിർവ്വഹണ സമയത്ത് യൂണിഫോം ധരിക്കുന്നത്- നിർദ്ദേശം നല്കുന്നത് സംബന്ധിച്ച്

സൂചന: -

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ചില മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ യൂണിഫോം ധരിക്കാതെ ഡ്രൈവിംഗ് ടെസ്റ്റ്, വാഹന പരിശോധന എന്നിവ നടത്തുന്നു എന്നുള്ള പരാതി വരുന്നുണ്ട്. 1989ലെ കേരള മോട്ടോർ വാഹന ചട്ടം 406 പ്രകാരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ എന്നിവർ ഡ്യൂട്ടി സമയത്ത് മേൽ ചട്ട പ്രകാരമുള്ള യൂണിഫോം ധരിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ പ്രസ്താവിച്ച ഉദ്യോഗസ്ഥർ ഔദ്യോഗിക കൃത്യ നിർവ്വഹണ സമയത്ത് തങ്ങളുടെ യൂണിഫോം ധരിച്ചിരിക്കണമെന്ന് കർശനമായി നിർദ്ദേശിക്കുന്നു. അല്ലാത്തവർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓർമ്മിപ്പിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ
ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

വിശ്വസ്തതയോടെ

22/4/2015

സീനിയർ സൂപ്രണ്ട്

22/4/15